# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3023 11.12.2014 -ലെ മറുപടിയ്ക്ക്**

**ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് HSST ജിയോളജി (സീനിയർ) തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ഇ. ചന്ദ്രശേഖരൻ | | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) | ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് HSST ജിയോളജി (സീനിയർ) തസ്തികയിൽ 2012 ന് ശേഷം പുതുതായി അംഗീകാരം ലഭിച്ച എത്ര തസ്തികകളാണുള്ളതെന്ന് വിശദീകരിക്കുമോ; | (എ) | രണ്ട് തസ്തികകൾ . |
| (ബി) | ഇതിൽ എത്ര തസ്തികകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ബി) | പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല |
| (സി) | റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ എന്ത് കാരണത്താലാണ് റിപ്പോർട്ട് ചെയ്യാതിരിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | 31/08/2013- ലാണ് രണ്ട് തസ്തികകൾ എച്ച്.എസ്.എസ്. റ്റി ജിയോളജി സീനിയർ വിഭാഗത്തിൽ നിലവിൽ വന്നത് . ഈ തസ്തികകളിൽ സ്പെഷ്യൽ റൂൾ പ്രകാരം തസ്തികമാറ്റ നിയമനം നൽകുന്നതിന് യോഗ്യരായ ജൂനിയർ എച്ച്.എസ്.എസ്. റ്റി മാർ ഇല്ലെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കുകയുള്ളൂ. |
| (ഡി) | പുതുതായി അംഗീകാരം ലഭിച്ചതോ, ഒഴിവു വരുന്നതോ ആയ തസ്തികകളിൽ എത്ര ശതമാനമാണ് ബൈട്രാൻസ്ഫർ നിയമനത്തിനായി നീക്കിവെക്കാൻ കഴിയുക എന്ന കാര്യം വിശദമാക്കുമോ; | (ഡി) | ഹയർ സെക്കന്ററി സ്പെഷ്യൽ റൂൾസ് പ്രകാരം യോഗ്യരായ എച്ച്.എസ്.എസ്.ടി (ജൂനിയർ) അദ്ധ്യാപകരെയാണ് സ്ഥാനക്കയറ്റം നൽകി എച്ച്.എസ്.എസ്.ടി ആയി നിയമിക്കുന്നത്. അവരുടെ |

അഭാവത്തിൽ ആകെ ഒഴിവുകളുടെ 25% യോഗ്യരായ ഡിപ്പാർട്ട്മെന്റൽ അദ്ധ്യാപകരുടെ (എച്ച്.എസ്.എ/ യു.പി.എസ്.എ/എൽ.പി.എസ്.എ) തസ്തികമാറ്റ നിയമനം വഴിയും 75% നേരിട്ടുള്ള നിയമനം വഴിയും നികത്തുന്നു.
എച്ച്.എസ്.എസ്.ടി (ജൂനിയർ) തസ്തികയിലെ ആകെ ഒഴിവുകളുടെ 25% ഡിപ്പാർട്ട്മെന്റൽ അദ്ധ്യാപകരിൽ നിന്നും തസ്തികമാറ്റ നിയമനം വഴിയും 75% നേരിട്ടുള്ള നിയമനം വഴിയും നികത്തുന്നു.

(ഇ) നിലവിൽ ബൈട്രാൻസ്ഫർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അപേക്ഷ ക്ഷണിക്കാത്ത കാര്യത്തിനായി തസ്തികകൾ മാറ്റി വെക്കാൻ സാധിക്കുമോ; ആയത് ഏത് നിയമപ്രകാരമാണെന്ന് വിശദീകരിക്കുമോ?

(ഇ) ഇല്ല. ഹയർ സെക്കന്ററി അദ്ധ്യാപകരുടെ നിയമനത്തിനുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം സീനിയർ തസ്തികയിലേക്ക് പ്രമോഷൻ ലഭിക്കാൻ യോഗ്യതയുള്ള എച്ച്.എസ്.എസ്.ടി (ജൂനിയർ) അദ്ധ്യാപകർ ഉണ്ടെങ്കിൽ ടി തസ്തികകൾ യോഗ്യരായ എച്ച്.എസ്.എസ്.ടി (ജൂനിയർ) അദ്ധ്യാപകർക്ക് മാറ്റിവെയ്ക്കേണ്ടതാണ്. യോഗ്യരായ എച്ച്.എസ്.എസ്.ടി (ജൂനിയർ) അദ്ധ്യാപകർ ഇല്ലെങ്കിൽ മാത്രമേ ഒഴിവുകൾ 1:3 എന്ന അനുപാതത്തിൽ വിഭജിച്ച് തസ്തികമാറ്റ നിയമനം മുഖേനയും നേരിട്ടുള്ള നിയമനം മുഖേനയും നികത്തുവാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ